I.ഇ.ബി. XIIകേരള നിയമസഭ/XI-13

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 9, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

പാറശ്ശാല ഇവാൻസ് സ്കൂളിനുനേരെ നടന്ന ആക്രമണം

മി. സ്പീക്കർ: ഒരു കൂട്ടം വിദ്യാർത്ഥികൾ അക്രമാസക്തരായി പാറശ്ശാല ഇവാൻസ് സ്കൂളിൽ കയറി സ്കൂളിന്റെ ഫർണിച്ചറും മേൽക്കൂരയും അടിച്ചുതകർത്ത് വമ്പിച്ച നാശനഷ്ടം വരുത്തുകയും വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തുകയും ചെയത്തിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ശക്തൻ, ജോസഫ് എം. പുതുശ്ശേരി, കെ. കുട്ടി അഹമ്മദ് കുട്ടി, കെ. കെ. ഷാജു, കെ. ബി. ഗണേഷ് കുമാർ, പി.സി.ജോർജ്, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 07-07-2009-ന് പാറശ്ശാല പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ഇവാൻസ് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായ സന്ദീപിനെ രാവിലെ 11.30 മണിയോടുകൂടി ഷർട്ട് ഇൻസെർട്ട് ചെയ്തില്ലെന്ന കാരണത്താൽ ഫിസിക്കൽ ട്രെയിനിംഗ് ടീച്ചർ ചൂരൽകൊണ്ട് അടിച്ചു എന്ന പരാതി ഉണ്ടാവുകയും കുട്ടിയെ ചികിൽസയ്ക്കായി പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത സംഭവത്തിൽ കുട്ടിയുടെ മൊഴി അനുസരിച്ച് പാറശ്ശാല പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 08-07-2009-ന് 10.45-ഓടുകൂടി പാറശ്ശാല ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ ഒരു കൂട്ടം വിദ്യാർത്ഥികൾ ഇവാൻസ് സ്കൂളിലേയ്ക്ക് മാർച്ച് നടത്തുകയും പഠിപ്പുമുടക്കണമെന്നാവശ്യപ്പെട്ട് ക്ലാസ്സിൽ കയറി ഡെസ്ക്കുകളും ബെഞ്ചുകളും അടിച്ചുതകർത്ത് ബഹളം വയ്ക്കുകയും ചെയ്തു. ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായ രജനിയുടെ കാലിൽ ഡെസ്ക് മറിഞ്ഞുവീണ് ചതവ് സംഭവിക്കുകയും മോഹാലസ്യപ്പെടുകയും ചെയ്തു. അതുകണ്ടുനിന്ന ശ്രീലക്ഷ്മി എന്ന കുട്ടിക്കും മോഹാലസ്യമുണ്ടായി. ഇരുവരേയും പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാറശ്ശാല സബ്ഇൻസ്പെക്ടർ ഇരു കേസ്സുകളുടേയും അന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്.

ശ്രീ. എൻ. ശക്തൻ : വളരെ പൈശാചികമായ ഒരു സംഭവം നടന്നിട്ടും ആഭ്യന്തര വകുപ്പുമന്ത്രിയിൽനിന്നുണ്ടായ പ്രതികരണം അത്യന്തം നിരാശാജനകവും നിർഭാഗ്യകരവുമാണ്. 07-07-09-ന് രാവിലെ പാറശ്ശാല ഇവാൻസ് സ്കൂളിലെ സന്ദീപ് എന്ന വിദ്യാർത്ഥിയെ അധ്യാപകൻ

ചൂരൽകൊണ്ട് കയ്യിൽ അടിക്കുകയും കുട്ടിക്കോ രക്ഷകർത്താക്കൾക്കോ പരാതിയില്ലാതിരുന്നിട്ടുപോലും ലോക്കൽ എസ്.എഫ്.ഐ.ക്കാരും സി.പി.ഐ.(എം.) നേതാക്കളും ഇടപെട്ട് ബലമായി വിദ്യാർത്ഥിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയാണുണ്ടായത്. 8-07-2009-ന് പഠിപ്പ് മുടക്കാൻ ആഹ്വാനം ചെയ്ത് തൊട്ടടുത്ത സ്കൂളിലെ എസ്എഫ്.ഐ. വിദ്യാർത്ഥികൾ ഇവാൻസ് സ്കൂളിൽ അതിക്രമിച്ച് കയറുകയും മുദ്രാവാക്യം വിളിച്ചുകൊണ്ട് കുട്ടികളോട് ഇറങ്ങിപോകാൻ ആവശ്യപ്പെട്ടുവെങ്കിലും അവർ തയ്യാറാകാത്തതിനെത്തുടർന്ന് കല്ലെറിഞ്ഞ് ഓട് തകർക്കുകയും 25-ൽപ്പരം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ വിദ്യാർത്ഥികളെ മൃഗീയമായി മർദ്ദിക്കുകയും ബെഞ്ചുകളും ഡെസ്ക്കുകളും അടിച്ചുതകർക്കുകയും ചെയ്തു. പരിക്കേറ്റ കുട്ടികളെ ഹോസ്പ്പിറ്റലിൽ കൊണ്ടുപോകുന്നതുപോലും തടഞ്ഞപ്പോൾ സ്കൂൾ ഹെഡ്മാസ്റ്റർ വിവരമറിയച്ചതിനെത്തുടർന്ന് സ്ഥലത്തെത്തിയ സർക്കിൾ ഇൻസ്പെകട്റെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ക്രൂരമായി മർദ്ദിക്കുകയാണുണ്ടായത്. തുടർന്ന് ഫയർ ഫോഴ്സിന്റെ ആംബുലൻസ് വരുത്തിയാണ് കുട്ടികളെ ഹോസ്പ്പിറ്റലിൽ എത്തിച്ചത്. പ്രസ്തുത വിഷയം നിയമസഭയിൽ അവതരിപ്പിക്കുമെന്ന് പറഞ്ഞപ്പോഴാണ് പോലീസ് കേസ്സെടുക്കാൻപോലും തയ്യാറായത്. കണ്ടാലറിയാവുന്ന ഇരുപത്തഞ്ചുപേരുടെ പേരിലാണ് ഇപ്പോൾ കേസ് എടുത്തിട്ടുള്ളത്. കേസ്സിൽപ്പെട്ടിരിക്കുന്നവരിൽ പലരും ഡി.വൈ.എഫ്.ഐ. ലോക്കൽ കമ്മിറ്റി അംഗങ്ങളായതിനാൽ പേര് വിവരം കൃത്യമായി അറിയാമായിരുന്നിട്ടും ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ ഇതുവരെ തയ്യാറായിട്ടില്ല. സ്കൂളിൽ പ്ലസ് വണ്ണിന് അഡ്മിഷൻ നടക്കുന്ന അതേദിവസംതന്നെ പ്രസ്തുത സംഭവം ഉണ്ടായതിനുപിന്നിൽ

ബോധപൂർവ്വമായ ശ്രമവും ഗൂഢാലോചനയുമുണ്ട്. പോലീസുകാരെ ആക്രമിക്കുന്ന സംഭവങ്ങളുണ്ടായിട്ടുപോലും പ്രതികൾക്കെതിരെ ഒരു നടപടിയും എടുക്കാതെ അഴിഞ്ഞാട്ടം തുടരാൻ അനുവദിക്കുന്നത് ശരിയല്ല. വളരെ ഗുരുതരമായ സംഭവത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ.കോടിയേരി ബാലകൃഷ്ണൻ:</u> ടോയിലറ്റിൽ പോയി തിരിച്ചുവരുമ്പോൾ ഷർട്ട് ഇൻസെർട്ട് ചെയ്യാത്തതിന്റെ പേരിൽ അദ്ധ്യാപകൻ ചൂരൽ പ്രയോഗം നടത്തിയതിനെതിരെ പാറശ്ശാല ഇവാൻസ് സ്കൂൾ വിദ്യാർത്ഥിയായ സന്ദീപ് പരാതി നൽകിയിട്ടുണ്ട്. ഇതിനുമുൻപും ഇതേ വിദ്യാർത്ഥിയെ തലമുടി വെട്ടാത്തതിന്റെ പേരിൽ അദ്ധ്യാപകൻ മർദ്ദിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിയെ രണ്ട് പ്രാവശ്യം മർദ്ദിച്ചപ്പോൾ സ്വാഭാവികമായുണ്ടായ പ്രതിഷേധമാണ് അക്രമങ്ങളിൽ കലാശിച്ചത്. പ്രസ്തുത സംഭവത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ നിയമം കയ്യിലെടുക്കാൻ പാടില്ല. അക്രമ സംഭവങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. പല സ്കൂളുകളിലും ടൈ കെട്ടാത്തതിന്റെയും ഇംഗ്ലീഷ് സംസാരിക്കാത്തതിന്റെയും പേരിൽ അദ്ധ്യാപകരുടെ ഭാഗത്തുനിന്നും ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് വ്യാപകമായ പരാതികൾ വരുന്നുണ്ട്. ഗവൺമെന്റിന് ലഭിച്ച വിവരങ്ങൾ വച്ച് പോലീസ് അന്വേഷിക്കുന്നുണ്ട്. വിദ്യാർത്ഥി പ്രതിഷേധത്തിന്റെ ഭാഗമായുണ്ടായ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേകമായ അന്വേഷണം നടത്തും. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളുടേയും അന്വേഷണം ഊർജ്ജിതപ്പെടുത്താൻ സ്ഥലം ഡി.വൈ.എസ്.പി.ക്ക് നിർദ്ദേശം നൽകുന്നതാണ്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന അക്രമ സംഭവങ്ങൾക്കെതിരെ ഭരണ-പ്രതിപക്ഷ

ഭേദമെന്യേ കർശനമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംരക്ഷണം നൽകും.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം.മാണി, പി.കെ. അബ്ദുറബ്ബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>ഔദ്യോഗിക ഭാഷ</u>

<u>ശ്രീ. പി. വിശ്വൻ</u> : 1969-ലെ ഔദ്യോഗിക ഭാഷാ നിയമത്തിലെ 1(ബി) വകുപ്പ് അനുസരിച്ച് ഇതുവരെ 67 വകുപ്പുകളിൽ മലയാളം ഔദ്യോഗികഭാഷ യാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും അത് പൂർണ്ണതയിലെ ത്തിയിട്ടില്ല. സെക്രട്ടേറിയറ്റിൽനിന്നുള്ള കത്തുകളും ഉത്തരവുകളും നിർദ്ദേശ ങ്ങളും പരിപത്രങ്ങളും ഇംഗ്ളീഷിൽ ലഭിക്കുന്നതുകൊണ്ട് ജില്ലാ-താലൂക്ക് തലത്തിലും ഫയലുകളും കത്തിടപാടുകളും ഇംഗ്ളീഷിൽ കൈകാര്യം ചെയ്യുന്നു. ഭരണ തലത്തിൽ മലയാള ഭാഷ കൈകാര്യം ചെയ്യണമെന്ന് കർശന നിർദ്ദേശമുണ്ടെങ്കിലും പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. പല വകുപ്പുകളുടേയും പ്രവർത്തനം ഇക്കാര്യത്തിൽ തൃപ്തികരമല്ല. റവന്യൂ മേഖലയിൽ 90 ശതമാനം പുരോഗതിയുണ്ടായിട്ടുണ്ട്. കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്‌വെയർ വിപുലപ്പെടുത്താനുള്ള നടപടികൾ ആവിഷ്ക്കരി

ക്കണം. സർട്ടിഫിക്കറ്റുകൾ ദ്വിഭാഷയിൽ കൊടുക്കാൻ നടപടി സ്വീകരിക്കണം. ഫോറങ്ങൾ, ജാതി സർട്ടിഫിക്കറ്റ്, നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് എന്നിവ പൂർണ്ണമായും മലയാളത്തിലാക്കണം. വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ, ഉത്തരവുകൾ, മാനുവലുകൾ ഇവ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനും കോടതിയിൽനിന്നുള്ള സമൻസും വാറണ്ടും മലയാളത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സംസ്ഥാനത്ത് ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള വകുപ്പുകളിലും അവയുടെ ഭരണ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷയായ തമിഴ്, കന്നഡ എന്നിവയും ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികൾ ഒഴികെയുള്ളവ മലയാളത്തിൽ പൂർണ്ണമായും കൈകാര്യം ചെയ്യണമെന്നാണ് ഭരണഭാഷ മാറ്റംകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. കോടതിയുമായുള്ള കത്തിടപാടുകൾ ഉൾപ്പെടെ ഇംഗ്ലീഷിൽ മറുപടി അയയ്ക്കുന്ന ഫയലുകളിൽ മലയാളത്തിൽ കുറിപ്പ് എഴുതണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. നാളിതുവരെ 69 സർക്കാർ വകുപ്പുകളിലും അവയുടെ ഭരണ വകുപ്പുകളിലും 10 പൊതുമേഖല സ്ഥാപനങ്ങളിലും 28 സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഭരണഭാഷയാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ-താലൂക്ക് തലത്തിൽ ഭരണ ഭാഷാ മാറ്റം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ കൂടുതൽ ശ്രദ്ധചെലുത്തിക്കൊണ്ടിരിക്കുകയാണ്. ജില്ലാതല സമിതി മൂന്നുമാസത്തിലൊരിക്കലും താലൂക്കുതല

സമിതി രണ്ടുമാസത്തിലൊരിക്കലും യോഗംകൂടി ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നുണ്ട്. സർക്കാർ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി 86 ശതമാനമാണ്. അത് നൂറ് ശതമാനമാക്കി ഉയർത്തുന്നതിനുള്ള കർമ്മ പരിപാടി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഭരണത്തിന്റെ മേലേത്തട്ടിൽ ഘട്ടംഘട്ടമായി ഭാഷാമാറ്റം വരുത്താൻ നടപടി സ്വീകരിക്കും. ജില്ലാ-താലൂക്ക് തല സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സമയബന്ധിത പരിപാടി നടപ്പാക്കുന്നതാണ്.

(2) <u>പട്ടികജാതി/പട്ടികവർഗ്ഗ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ</u>

<u>ശ്രീ. യു. സി. രാമൻ</u> : പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യുക്കേഷൻ സ്കീമിൽ കുട്ടികളെ തെരഞ്ഞെടുത്ത് ആനുകൂല്യം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. നാഷണൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ് പദ്ധതി അനുസരിച്ച് പ്രതിവർഷം 6000 രൂപ ലഭ്യമാകുന്നതിന് 50 ശതമാനം മാർക്കുള്ള ഒന്നര ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ പരീക്ഷ നടത്തിയാണ് തെരഞ്ഞെടുക്കുന്നത്. പരീക്ഷ നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് 50 രൂപാവീതം ഓരോ കുട്ടിക്കും അനുവദിക്കുന്നുണ്ടെങ്കിലും പരീക്ഷ ചെലവിന്റെ പേരിൽ 100 രൂപവീതം സംസ്ഥാന സർക്കാർ ഈടാക്കുന്നു. 2008-ൽ 21000 കുട്ടികൾ പരീക്ഷ എഴുതിയതിൽ അർഹത നേടിയ 3467 കുട്ടികൾക്ക് സ്കോളർഷിപ്പ് എത്രയുംപെട്ടെന്ന് അനുവദിച്ച് നൽകണം. 2008-09 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക്

സ്കോളർഷിപ്പിന് അർഹരായവരുടെ ലിസ്റ്റ് 2009 ഫെബ്രുവരി മാസം പ്രസിദ്ധീകരിച്ചു. ബാങ്ക് അക്കൗണ്ടിലൂടെയാണ് തുക വിതരണം ചെയ്യുന്ന തെന്ന് അറിയിച്ചതിനെത്തുടർന്ന് അക്കൗണ്ട് എടുത്തപ്പോഴാണ് അറിയുന്നത് ലിസ്റ്റിൽ അപാകതയുള്ളതുകൊണ്ട് മരവിപ്പിക്കാൻ പോകുന്നുവെന്ന്. ലിസ്റ്റിലുള്ളവർക്ക് തുക നൽകാൻ നടപടി സ്വീകരിക്കണം. അപേക്ഷ സമർപ്പി ക്കുന്നതിന് പത്ത് രൂപയുടെ മുദ്രപ്പത്രം കിട്ടാതെ വന്നതുകൊണ്ട് നൂറു രൂപ വരെയുള്ള മുദ്രപ്പത്രങ്ങളിലാണ് അപേക്ഷിച്ചത്. മുദ്രപ്പത്രം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): 2008-09 അധ്യയനവർഷം മുതൽ കേന്ദ്ര ഗവണ്മെന്റ് പുതുതായി പ്രഖ്യാപിച്ച ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യൂക്കേഷൻ എന്ന സ്കോളർഷിപ്പ് പദ്ധതിക്ക് ഗവണ്മെന്റ്/എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന 16 വയസ്സിന് താഴെയുള്ള എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിനികളും അർഹരാണ്. ഓരോ വിദ്യാർത്ഥിനിയുടെയും പേരിൽ 3,000 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും 18 വയസ്സ് പൂർത്തിയാ ക്കുകയും പത്താം ക്ളാസ്സ് വിജയിക്കുകയും ചെയ്താൽ തുക തിരിച്ചെടുക്കാ വുന്നതുമാണ്. 38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ലഭിച്ച 21829 വിദ്യാർത്ഥിനികളുടെ ലിസ്റ്റ് കേന്ദ്രഗവണ്മെന്റിന് നൽകുകയും 6,54,87,000 രൂപ വിതരണത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ കുട്ടിയുടേയും പേരിൽ അക്കൗണ്ട് തുടങ്ങുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിവരങ്ങൾ അടിയന്തിരമായി ശേഖരിക്കുന്നതിനും സ്കോളർഷിപ്പ് തുക കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക്

നിക്ഷേപിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. 1 മുതൽ 10 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരും വാർഷിക പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് ലഭിച്ചവരും രക്ഷകർത്താക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള കുട്ടികൾക്കാണ് പ്രീ മെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ളത്. കഴിഞ്ഞ വർഷം 935,666 അപേക്ഷകൾ ലഭിച്ചതിൽ 44070 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് കേന്ദ്ര ഗവണ്മെന്റ് ആദ്യം തീരുമാനമെടുത്തത്. 4,43,70,000 രൂപ ഈ വർഷം മാർച്ച് 31-ാം തീയതി ലഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി 2277 പേർക്കുകൂടി സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അർഹരായ അപേക്ഷകരുടെ വരുമാനം സംബന്ധിച്ച് ക്രമക്കേട് കണ്ടതിനാൽ വിദ്യാഭ്യാസ ഓഫീസുകളിൽ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി അർഹത ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് വരുമാനം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തുക നൽകുന്നതുമാണ്. 1-4-08-ലെ മാർഗ്ഗരേഖ പ്രകാരം 500 രൂപ അഡ്മിഷൻ ഫീ ഇനത്തിലും പ്രതിമാസം 350 രൂപ 6 മുതൽ 10 വരെ ക്ളാസ്സുകളിലെ കുട്ടികൾക്ക് ട്യൂഷൻ ഫീ ഇനത്തിലും ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 600 രൂപ മെയിന്റനൻസ് ഫീ ഇനത്തിലും അതാത് ദിവസം സ്ക്കൂളിൽ വന്നുപോകുന്ന കുട്ടികൾക്ക് പ്രതിമാസം 100 രൂപ വീതവുമാണ് സ്കോളർഷിപ്പിന് അർഹത. ട്യൂഷൻ ഫീസ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നവർക്ക് ഹോസ്റ്റലിലെ അക്കൗണ്ടിലുമാണ് പണം കൊടുക്കുന്നത്. നാഷണൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിനുവേണ്ടി

കേന്ദ്രസർക്കാർ 50 രൂപ നീക്കി വയ്ക്കുന്നുണ്ട്. ഒന്നാംഘട്ട പരീക്ഷ നടത്തുന്നതിനുള്ള മുഴുവൻ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായും ധനകാര്യവകുപ്പുമന്ത്രിയുമായും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): മുദ്രപ്പത്രങ്ങളുടെ കുറവ് സംബന്ധിച്ച് അടിയന്തിരമായി അന്വേഷിക്കാം.

**സബ്മിഷൻ**

(1) പ്ലസ് വൺ പരീക്ഷയുടെ പുനർമൂല്യനിർണ്ണയം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് 26-6-09-ൽ ഇറക്കിയ വിജ്ഞാപനത്തിൽ ഒന്നാം വർഷ ഹയർസെക്കണ്ടറിയുടെ ഇംപ്രൂവ് ചെയ്യുന്ന വിഷയത്തിന് ആദ്യം ലഭിച്ച മാർക്ക് റദ്ദാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതു മാറ്റി പഴയതുപോലെ മെച്ചപ്പെട്ട മാർക്ക് എടുക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വിദ്യാർത്ഥികൾ ഒന്നാം വർഷ പരീക്ഷ ഉദാസീനമായി പരിഗണിക്കുന്നതിന് ഒരു മാറ്റം ഉണ്ടാകാൻ വേണ്ടിയാണ് പ്രസ്തുത പരീക്ഷയുടെ മാർക്കു കൂടി രണ്ടാം വർഷ പരീക്ഷയുടെ ഫലം നിർണ്ണയിക്കുമ്പോൾ പരിഗണിക്കുമെന്ന അക്കാദമികമായ തീരുമാനം എടുത്തത്. വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇംപ്രൂവ് ചെയ്യുന്ന വിഷയത്തിന് കൂടിയ മാർക്ക് നിലനിറുത്താൻ തീരുമാനമായിട്ടുണ്ട്.

(2) <u>യൂണിവേഴ്സിറ്റി നിയമനങ്ങൾ</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: കേരളത്തിലെ സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : സർവ്വകലാശാലാ നിയമങ്ങളിലും സ്റ്റാറ്റ്യൂട്ടിലും ഭേദഗതി വരുത്തിയാൽ മാത്രമേ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ കഴിയൂ. ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(3) <u>പി.എച്ച്.സി.യുടെ വികസനം</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : പെരുമാതുറ-മാടൻവിള പബ്ളിക് ഹെൽത്ത് സെന്ററിൽ നിലവിലുണ്ടായിരുന്ന 10 കിടക്കകൾ അനുവദിച്ച് രോഗികളെ കിടത്തി ചികിത്സിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u> : പെരുമാതുറ-മാടൻവിള പബ്ളിക് ഹെൽത്ത് സെന്ററിൽ 10 കിടക്കകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. മറ്റ് ആശുപത്രികളിലെ പോസ്റ്റ് ക്രിയേഷൻ നടത്തുന്ന സന്ദർഭത്തിൽ ഇക്കാര്യംകൂടി പരിഗണിക്കുന്നതാണ്.

(4) <u>തേക്കിൻകാട് മൈതാനത്തിന്റെ സൗന്ദര്യവത്കരണം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : സ്തംഭനാവസ്ഥയിലായ തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിന്റെ സൗന്ദര്യവത്കരണ പരിപാടി പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിന്റെ സൗന്ദര്യവത്കരണ പരിപാടിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്നും 4 കോടി 89 ലക്ഷം രൂപ അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. 2002 നവംബർ മാസത്തിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും തുടക്കംമുതൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായ എതിർപ്പിനെത്തുടർന്ന് ദേവസ്വം ബോർഡിലേയും കോർപ്പറേഷനിലേയും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വിവിധ തലങ്ങളിലായി ചർച്ചകൾ നടത്തിയെങ്കിലും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയില്ലെന്ന് ഡിപ്പാർട്ട്മെന്റിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ ഇടപെട്ട് എതിർപ്പ് ഇല്ലാതാക്കിയാൽ മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് തുടർന്നും ചർച്ച നടത്താൻ സർക്കാർ തയ്യാറാണ്.

(5) സാക്ഷരതാ പ്രേരക്മാരുടെ നിയമസഭാ മാർച്ച്

ശ്രീ. പി. ജയരാജൻ : സാക്ഷരതാ പ്രേരക് അസോസിയേഷന്റെ നേതൃത്വത്തിൽ സാക്ഷരതാ പ്രവർത്തകർ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. തുടർസാക്ഷരതാ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ചെയർമാനായി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കണം. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി തുടർ സാക്ഷരതാ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : സാക്ഷരത പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയും ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ചെയർമാനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേരളത്തിന്റെ ആവശ്യങ്ങൾക്ക് ഉതകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സമഗ്രമായ ഒരു തുടർ വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൽകുന്നതാണ്.

(6) അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി

ശ്രീ. രാജു എബ്രഹാം : ചിറ്റാർ മീൻകുഴിയിൽ വൻ ഇലവുമരം വീണ് തകർന്ന വീട് പുനർനിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപ വീതം ചികിത്സാ ധനസഹായവും അനുവദിക്കണം. ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും സോളാർ-ഇലക്ട്രിക് വേലികൾ കെട്ടുകയും കിടങ്ങുകൾ കുഴിക്കുകയും ചെയ്തുകൊണ്ട് കാട്ടുമൃഗങ്ങളിൽനിന്നും വിളകൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അടൂർ പ്രകാശ് : പത്തനംതിട്ട ജില്ലയുടെ പല ഭാഗങ്ങളിലും വഴിയോരങ്ങളിലും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ അവർക്കുതന്നെ മുറിച്ചുമാറ്റുന്നതിന് അനുവാദം കൊടുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : നിലവിലുള്ളതും ഇനി വച്ചുപിടിപ്പിക്കുന്നതുമായ മരങ്ങൾ സർക്കാരിൽ

നിക്ഷിപ്തമാണെന്നുള്ള വ്യവസ്ഥ പട്ടയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതു കൊണ്ടാണ് പത്തനംതിട്ട ജില്ലയിലെ കർഷകർക്ക് മരം മുറിക്കാൻ അനുവാദ മില്ലാത്തത്. അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ചുമാറ്റുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗപ്പെടുത്തി കിടങ്ങുകൾ കുഴിക്കുകയും വേലികൾ കെട്ടുകയും ചെയ്തുകൊണ്ട് കാട്ടാനശല്യ ത്തിൽനിന്നും വിളകൾ സംരക്ഷിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മരംവീണ് പരിക്കേറ്റവർക്കും നാശനഷ്ടം സംഭവിച്ചവർക്കും സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

(7) <u>ബിഎഡ് കോളേജുകളുടെ അംഗീകാരം</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ മുന്നോട്ടുവച്ചിരിക്കുന്ന ഉപാധികൾ പരിശോധിച്ച് കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ് സെന്ററുകളുടെ അഫിലി യേഷൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ. ബേബി</u>) : ബി.എഡ്. കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടങ്ങളും മുപ്പത് വർഷത്തിൽ കുറയാതെ സ്ഥാപനത്തിന്റെ കൈവശം ഉണ്ടായിരിക്കണ മെന്നും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകണമെന്നും നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ഥലം പാട്ടവ്യവസ്ഥയിൽ നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എതിർപ്പില്ലാരേഖ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം എൻ.സി.ടി.ഇ.-യെ അറിയിച്ചുകഴിഞ്ഞാൽ അവരത് അനുഭാവ പൂർവ്വം പരിഗണിക്കുമെന്ന് വിചാരിക്കുന്നു. അദ്ധ്യാപക-അനദ്ധ്യാപക

ജീവനക്കാരുടെ സ്ഥിരം നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് സർവ്വകലാശാല എൻ.സി.ടി.ഇ.-ക്ക് ഉറപ്പുകൊടുക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പിൻവലിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(8) സർക്കാർ ഉത്തരവ് പിൻവലിക്കാൻ നടപടി

ശ്രീ. വി.ഡി. സതീശൻ: അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാതെ വൈദ്യന്മാരായി പ്രവർത്തിക്കുന്നവർക്ക് തുടർന്നും വൈദ്യവൃത്തിയിലേർപ്പെടുന്നതിന് രജിസ്ട്രേഷനിൽ ഇളവ് അനുവദിച്ചുകൊണ്ട് കേരളസർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മലബാർ മേഖലയിലെ പാരമ്പര്യ ആയൂർവേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരു-കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാർക്കും പ്രാക്ടീസ് നടത്തുവാൻ അനുമതി നൽകുന്നതും രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കുന്നതും സംബന്ധിച്ച് 2009 ജൂൺ മാസം 4-ാം തീയതി ഇറക്കിയ ഉത്തരവിനെതിരെ നിരവധി പരാതികളും ആക്ഷേപങ്ങളും ലഭിച്ചതിനാൽ അത് പുനഃപരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(9) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ആനയാടിയിൽ ആറുവർഷം മുമ്പ് നിർമ്മിച്ച പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ആനയാടി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ

ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ റവന്യു വകുപ്പുമായി ചർച്ച ചെയ്ത് പരിഹരിക്കേണ്ടതുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അഡീഷണൽ ആതറൈസേഷൻ വഴി അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) നിയമ ഭേദഗതി

ശ്രീ. എൻ. അനിരുദ്ധൻ: ആശുപത്രികളിൽ പോസ്റ്റുമോർട്ടം പരിശോധനയും ഇൻക്വസ്റ്റ് തയ്യാറാക്കലും പകൽ വെളിച്ചത്തിൽത്തന്നെയാകണമെന്ന ചട്ടം ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വാഹനാപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ പോസ്റ്റുമോർട്ടമെങ്കിലും രാത്രികാലങ്ങളിൽ നടത്താൻ കഴിയുന്ന രൂപത്തിൽ നിയമ ഭേദഗതി കൊണ്ടുവരണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അപകട മരണം, ആത്മഹത്യ, കൊലപാതകം തുടങ്ങിയവ ഉണ്ടാകുമ്പോൾ ആന്തരികാവയവങ്ങളുടെ സൂക്ഷ്മ പരിശോധനയുൾപ്പെടെ ശരിയായ പോസ്റ്റുമോർട്ടത്തിലൂടെ മാത്രമേ യഥാർത്ഥ മരണ കാരണവും ആന്തരികാവയവങ്ങളുടെ ക്ഷതങ്ങളുടെ കൃത്യതയും മനസ്സിലാക്കാൻ സാധിക്കൂവെന്നുള്ളതുകൊണ്ട് പകൽ വെളിച്ചത്തിൽ പോസ്റ്റ്മോർട്ടം പരിശോധനയും ഇൻക്വസ്റ്റ് തയ്യാറാക്കലും നടത്തണമെന്ന നിലവിലുള്ള നിർദ്ദേശമാണ് ഇപ്പോഴും തുടർന്നുവരുന്നത്. ആധുനിക സൗകര്യങ്ങളുള്ള സാഹചര്യത്തിൽ രാത്രിയിലും പോസ്റ്റുമോർട്ടം നടത്തുന്നതിന് നിയമ വശങ്ങൾ കൂടി പരിശോധിച്ച് ആരോഗ്യ വകുപ്പുമായി കൂടിയാലോചിച്ചുകൊണ്ട് തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

(11) ലാബ് ടെക്നീഷ്യൻമാരുടെ ഒഴിവുകൾ

ശ്രീ. കെ. പി. മോഹനൻ: സർക്കാരിന്റെ ലാബുകളിലും ബ്ലഡ് ബാങ്കുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും അത്യാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും ലാബുകളും ബ്ലഡ് ബാങ്കുകളും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരുടെ യോഗ്യതയിൽ നിന്ന് മെഡിക്കൽ ലാബ് ടെക്നോളജിയെ ഒഴിവാക്കാനുള്ള നീക്കം ഉപേക്ഷിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ലാബ് ടെക്നീഷ്യൻമാരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട് പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്. ചില പ്രത്യേക ആശുപത്രികളിലും മേജർ ആശുപത്രികളിലും എൻ.ആർ.എച്ച്.എം. മുഖേന ലാബ് ടെക്നീഷ്യൻമാരെ നിയമിച്ചിട്ടുണ്ട്. എച്ച്.എം.സി., എച്ച്.ഡി.എസ്. മുഖേനയും ചില ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാർ പ്രവർത്തിക്കുന്നുണ്ട്. ലബോറട്ടറികളിലും ബ്ലഡ് ബാങ്കുകളിലും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുൾപ്പെടെ അത്യാവശ്യ ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും ലബോറട്ടറികളും ബ്ലഡ് ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്.

(12) പത്തനാപുരം സി.എച്ച്.സി. -യുടെ പ്രവർത്തനം

ശ്രീ. കെ.ബി. ഗണേഷ് കുമാർ: 24 മണിക്കൂറും പ്രവർത്തിക്കുന്ന പത്തനാപുരം സി.എച്ച്.സി. യിൽ ആവശ്യത്തിന് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആശുപത്രി പൂട്ടിയിട്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: പത്തനാപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ ഡോക്ടർമാരുടേയും ജീവനക്കാരുടേയും ക്ഷാമമില്ല. ഏതെങ്കിലും സാങ്ഷൻഡ് പോസ്റ്റിൽ ഒഴിവുണ്ടെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് ഡി.എം.ഒ. യുമായി ആലോചിച്ച് ആ തസ്തികയിൽ താല്ക്കാലിക മായി സ്റ്റാഫിനെ പോസ്റ്റ് ചെയ്യാവുന്നതേയുള്ളൂ. സർവ്വീസിലുള്ള ഒരു അസിസ്റ്റന്റ് സർജൻ അനധികൃതമായി ഹോസ്പിറ്റലിൽ നിന്ന് പോയതിനെ ക്കുറിച്ച് അന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ കൂടി ശ്രദ്ധിച്ചാൽ ആ ഹോസ്പിറ്റലിലെ അവസ്ഥ കുറേക്കൂടി മെച്ചപ്പെടു ത്താൻ കഴിയും.

(13) <u>താലൂക്ക് വികസന സമിതികൾ</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ</u>: താലൂക്ക് വികസന സമിതികൾ കൃത്യസമയത്ത് യോഗം ചേരുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യ മായി യോഗങ്ങളിൽ ഹാജരാകുന്നതിനും ആവശ്യമായ നടപടിയുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ഉദ്യോഗസ്ഥർക്ക് താലൂക്ക് വികസന സമിതി യോഗത്തിൽ പങ്കെടുക്കാൻ കഴിയില്ലെങ്കിൽ ആ വിവരം വകുപ്പുമേധാവികളെ രേഖാമൂലം അറിയിക്കണമെന്ന് നിഷ്ക്കർഷിച്ചി ട്ടുണ്ട്. യോഗങ്ങൾ കൃത്യമായി ചേരാറുണ്ടെങ്കിലും പരിമിതമായ അധികാരമേയുള്ളൂ എന്നുള്ളതുകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടാകാറില്ലെന്ന് മനസ്സിലാക്കിയതിനാൽ അടുത്ത മാസം മുതൽ അധികാരങ്ങൾ കൂട്ടണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. എം.എൽ.എ. മാർ കൂടി ഈ യോഗങ്ങളിൽ

പങ്കെടുക്കുന്നത് നന്നായിരിക്കും. എല്ലാ മീറ്റിംഗുകളിലും ഡെപ്യൂട്ടികളക്ടറും ആ ജില്ലയിൽ നിന്ന് ചുമതലപ്പെടുത്തുന്ന ഒരുദ്യോഗസ്ഥനും പങ്കെടുക്കണ മെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. താലൂക്ക് വികസന സമിതികൾ എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ചയും ഡി.ഡി.സി.-കൾ അവസാനത്തെ ശനിയാഴ്ചയുമാണ് യോഗം ചേരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഈ യോഗങ്ങളിൽ പങ്കെടുക്കാനായി മറ്റ് മീറ്റിംഗുകൾ കഴിവതും ഈ ദിവസങ്ങ ളിൽ ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(14) <u>പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിലുള്ള അപാകത</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u>: പ്രശസ്തരായ എഴുത്തുകാരുടെ ഹൃദയസ്പർ ശിയായ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്ക് പഠിക്കാൻ കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എംഎ. ബേബി</u>): ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ വീക്ഷണമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ പാടില്ല എന്നുള്ളതാണ് ഒരു പൊതു സമീപനമായി അംഗീകരിച്ചിട്ടുള്ളത്. ഇതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടു ണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണ്.

(15) <u>പുത്തൂരിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. ബി. രാഘവൻ:</u> പുത്തൂർ ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): പുത്തൂരിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള പോലീസ് സ്റ്റേഷനാവശ്യമായ ഉദ്യോഗസ്ഥരുടെ എണ്ണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഡി.ജി.പി., ജില്ലാ പോലീസ്

സൂപ്രണ്ട് എന്നിവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിന് ധനകാര്യ വകുപ്പിൽ നിന്ന് അംഗീകാരം കിട്ടേണ്ടതുണ്ട്

(16) മൃഗങ്ങളോട് കാണിക്കുന്ന ക്രൂരത

ശ്രീ. എ. എം. യൂസഫ്: ഭക്ഷണവും വെള്ളവും കൊടുക്കാതെ വാഹനങ്ങളിൽ മൃഗങ്ങളെ കുത്തിനിറച്ച് യാതൊരു സുരക്ഷയുമില്ലാത്ത വിധത്തിൽ കൊണ്ടുപോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): വാഹനങ്ങളിൽ കൊണ്ടുപോകുന്ന കന്നുകാലികൾക്ക് പകർച്ചവ്യാധിയുടെ ലക്ഷണമുണ്ടോ പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുണ്ടോ തുടങ്ങിയവ പരിശോധിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വെറ്ററിനറി സർജൻ, ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർമാർ എന്നിവരടങ്ങിയ ഒരു ടീം 18 അതിർത്തി ചെക്ക്പോസ്റ്റുകളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡിന്റെ ട്രാൻസ്പോർട്ട് ഓഫ് ലൈവ്സ്റ്റോക്ക്-കോഡ് ഓഫ് പ്രാക്ടീസിൽ പറയുന്ന നിബന്ധനകൾ ലംഘിച്ചുകൊണ്ട് കന്നുകാലികളെ കൊണ്ടുവരുന്നത് കുറ്റകരമാണ്. ഈ വിഷയത്തിൽ സർക്കാർ കർക്കശ നടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

**ധനകാര്യം**

## 2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം (586,01,75,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത് (68,41,15,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - സാമൂഹ്യവികസനം (180,37,02,000 രൂപ)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് (1082,34,58,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ വർക്കല കഹാർ, ആര്യാടൻ മുഹമ്മദ്, കെ. ബാബു, വി. ഡി. സതീശൻ, കെ. ശിവദാസൻ നായർ, എം. എ. വാഹീദ്, കെ. മുഹമ്മ ദുണ്ണി ഹാജി, തോമസ് ചാണ്ടി, റോഷി അഗസ്റ്റിൻ, കെ. കുട്ടി അഹമ്മദ് കുട്ടി, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, പ്രൊഫ. എൻ. ജയരാജ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. വി.ഡി. സതീശൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2007 ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന തലസ്ഥാന നഗര വികസന പദ്ധതി പൂർത്തിയായില്ലെന്ന് മാത്രമല്ല പണി ഏറ്റെടുത്ത കമ്പനിക്ക് അനുകൂലമായി 125 കോടി രൂപയുടെ ആർബിട്രേഷൻ അവാർഡ് ലഭിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതകൊണ്ടും പദ്ധതി പ്രവർത്തനങ്ങളിലും മറ്റും തീരുമാനമെടുക്കാനുള്ള നിസ്സഹായാവ സ്ഥകൊണ്ടും ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിരിക്കു കയാണ്. പൊതു മരാമത്ത് വകുപ്പിൽനിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത റോഡുകൾ ഉൾപ്പെടെയുള്ള പണികൾ ഏറ്റെടുക്കാനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർദ്ദേശിച്ച എക്സ്പ്രസ് ഹൈവേയ്ക്കെതിരെ വ്യാപക സമരം നടത്തിയവ രാണ് ഇപ്പോൾ പേരിൽമാത്രം വ്യത്യാസം വരുത്തി നടപ്പാക്കാൻ പോകുന്നത്. ഗതാഗതക്കുരുക്കിൽനിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ ഈ സർക്കാരിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. പ്രീ മൺസൂൺ വർക്കുകൾ പൂർത്തിയാ ക്കിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകിയെങ്കിലും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നില്ല. ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഉത്തരവുകൾ ഇറക്കി പഞ്ചായത്തുകൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുന്നു. തദ്ദേശഭരണ

സ്ഥാപനങ്ങൾ 50 ശതമാനത്തിൽ താഴെ പദ്ധതി തുക മാത്രമാണ് ചെലവഴിച്ചി രിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ ആദ്യ ക്വാർട്ടർ കഴിഞ്ഞിട്ടും ഇതുവ രേയും പദ്ധതികൾ സമർപ്പിച്ചിട്ടില്ല. ഇൻഫർമേഷൻ കേരള മിഷൻ പദ്ധതിക്ക് സമർപ്പിക്കേണ്ട ഫോർമാറ്റ് ഇൻസ്റ്റാൾ ചെയ്യാൻ കഴിഞ്ഞിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് പണം കടം കൊടുക്കുന്ന തിന് എങ്ങനെ എഗ്രിമെന്റ് വയ്ക്കണമെന്ന് ഒരു ഉത്തരവിലും പരാമർശിക്കാ ത്തതിനാൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി എഗ്രിമെന്റ് വയ്ക്കാതെ ബാങ്കുകൾ പിൻവലിയുകയാണ്.

<u>ശ്രീ. വി.ജെ. തങ്കപ്പൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സുസ്ഥിരപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഉദ്യോഗസ്ഥ പുനർവിന്യാസം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള ശക്തമായ നടപടികളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന് മാത്രമായി ഒരു എഞ്ചിനീയറിംഗ് വിംഗിന് രൂപം കൊടുത്ത് എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ആവശ്യമുള്ള എഞ്ചിനീയർമാരെ നൽകി പദ്ധതികൾ വളരെ വേഗം നടപ്പിലാക്കാനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ അക്കൗണ്ട്സും ആഡിറ്റിംഗും കൃത്യമായി നടത്തുന്നതിനുള്ള ശ്രമം നടത്തി വരുന്നതിലൂടെ ജൂലായ് മാസത്തോടെ അക്കൗണ്ട്സ് അപ്-ടു-ഡേറ്റാക്കാൻ കഴിയും. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. കണക്കുകൾ കൃത്യസമയത്ത് എഴുതി ആഡിറ്റ് ചെയ്ത് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മിക്കവാറും എല്ലാ ഗ്രാമപഞ്ചായ

ത്തുകളിലും ഫ്രണ്ട് ഓഫീസുകൾ സ്ഥാപിക്കുന്നതാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ 40 ശതമാനം തുക മെറ്റീരിയൽസിന് വേണ്ടി വിനിയോഗിക്കാൻ അനുവദിച്ചാൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാനപരമായ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയും. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന 50 ശതമാനം വനിതാ സംവരണം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഭരണഘടന ഭേദഗതി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്നു. റെഗുലേറ്ററി അധികാരങ്ങളോടുകൂടി ടാക്സ് നിശ്ചയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള പരമാധികാരം കൊടുത്ത് ജില്ലാഭരണകൂടം ഉണ്ടാക്കണം. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ സുസ്ഥിരമാക്കിക്കൊണ്ട് ശക്തമായ അടിത്തറയിൽ ഉറപ്പിച്ചുനിർത്താനാവശ്യമായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തുന്നത്.

<u>ശ്രീ. തോമസ് ചാണ്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ ജനപ്രതിനിധികൾക്കുകൂടി പങ്കാളിത്തം കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലങ്ങൾ പണിയുന്നതിന് വലിയ വിമുഖതയാണ് ഇപ്പോൾ കണ്ടുവരുന്നത്. മങ്കൊമ്പ്, കാവാലം എന്നിവിടങ്ങളിൽ ഓരോ പാലം പണിയുകയാണെങ്കിൽ ആലപ്പുഴയിൽ നിന്ന് കോട്ടയത്തേയ്ക്ക് പോകാൻ 25 കിലോമീറ്റർ ലാഭമുണ്ടാകും. കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് എത്താവുന്ന രീതിയിൽ ഒരു ഫാസ്റ്റ് ട്രാക്ക് റോഡ് നിർമ്മിക്കാനുള്ള തുടക്കം കുറിക്കണം. ബ്ലോക്ക് പഞ്ചായത്ത് എന്ന സമ്പ്രദായം നിർത്തലാക്കി അതിന്

ചെലവാക്കുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എം.എൽ.എ ഫണ്ട് വർദ്ധിപ്പിക്കണം. കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ ജനകീയാസൂത്രണം പ്രഹസനമാക്കി മാറ്റുകയും ഗ്രാമസഭകളെ നോക്കുകുത്തികളാക്കുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വെറുമൊരു ഏജൻസിയായി പഞ്ചായത്തുകൾ മാറിയിരിക്കുകയാണ്. ഇ.എം.എസ്. ഭവന പദ്ധതി, എസ്.എസ്.എ. പദ്ധതി, സമ്പൂർണ്ണ ശുചിത്വ പരിപാടി, സമ്പൂർണ്ണ ഊർജ്ജ സുരക്ഷ പരിപാടി, അംഗൻവാടികളിലെ പോഷകാഹാര വിതരണം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മാച്ചിംഗ് ഫണ്ട് കൊടുക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തുകളെ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. പ്ലാൻഫണ്ട് ഉപയോഗിച്ചു കൊണ്ട് മറ്റൊരു പ്രവർത്തനവും നടത്തുന്നതിന് പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ഗ്രാമസഭകളിൽ ആളുകൾ പങ്കെടുക്കുന്നില്ല. പരസ്പര വിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന്റെ ഫലമായി പഞ്ചായത്തുകൾക്ക് പണം വിനിയോഗിക്കാൻ കഴിയുന്നില്ല. ഫ്രണ്ട് ഓഫീസ് തുടങ്ങുന്നതിന്റെ ഭാഗമായി പുതിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. പുതിയ പോസ്റ്റ് അനുവദിക്കാതെ പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്കിനെ അക്കൗണ്ടന്റാക്കി മാറ്റുകയാണ് ചെയ്തിരിക്കുന്നത്. ആറ് സെന്റിൽ കൂടുതൽ സ്ഥലമുള്ളവർ വീട് വയ്ക്കുമ്പോൾ മഴവെള്ള സംഭരണി സ്ഥാപിച്ചെങ്കിൽ മാത്രമേ വീട്ടുനമ്പർ കൊടുക്കുകയുള്ളൂ എന്നുള്ള

നിബന്ധന ശരിയല്ല. യാതൊരു തത്ത്വദീക്ഷയുമില്ലാതെ കെട്ടിട നികുതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ബാബു പോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടു പോകുകയാണ്. പദ്ധതി പണം ചെലവഴിക്കാതെ തിരിച്ചു പിടിക്കുന്ന സമീപനമാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നതെങ്കിൽ പ്രാദേശിക ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന നയമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതി നടത്തിപ്പിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയും മരാമത്ത് പണികളുടെ കാലതാമസം ഒഴിവാക്കാൻ എൻജിനീയറിംഗ് വിംഗ് രൂപീകരിക്കുകയും ചെയ്തിരിക്കുന്നു. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ മുഴുവൻ ഇ-ഗവേണൻസിന്റെ കീഴിൽ കൊണ്ടുവരികയും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഫ്രണ്ട് ഓഫീസുകൾക്ക് തുടക്കംകുറിക്കുകയും ഉദ്യോഗസ്ഥ പുനർവിന്യാസം നടപ്പിലാക്കുകയും ചെയ്തുകൊണ്ട് ഈ സർക്കാർ വിജയകരമായി മുന്നോട്ട് പോകുകയാണ്. കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവിനായി ഒട്ടേറെ പദ്ധതികൾ നടപ്പാക്കുകയും നെൽക്കൃഷിയും പച്ചക്കറി കൃഷിയും വ്യാപകമാക്കുകയും തരിശ് ഭൂമി കൃഷി യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പാടശേഖര സമിതികൾക്ക് ആവശ്യമായ കാർഷികോപകരണങ്ങൾ വിതരണം ചെയ്യാൻ ത്രിതല പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിക്ക് രൂപം നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അത് ഏറ്റെടുത്ത് നടത്തുകയുമാണ്. മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനുമുള്ള അനവധി

പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 827 പഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാരിന്റെ നിർമ്മൽ പുരസ്കാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ആദ്യത്തെ നിർമ്മൽ സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡം തീരുമാനിച്ചു. പ്രവർത്തനക്ഷമമല്ലാതിരുന്ന വികസന അതോറിറ്റികളെ ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും ലയിപ്പിക്കുകയും അഴിമതിയുടെ കൂത്തരങ്ങായിരുന്ന ഡി.ആർ.ഡി.എ-കളെ ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കുകയും ചെയ്തു. ഗ്രാമവികസനം, നഗര വികസനം, ചേരി നിർമ്മാർജ്ജനം എന്നിവയ്ക്കായി കൂടുതൽ പദ്ധതികൾ നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു. പി.എം.ജി.എസ്.വൈ-യിൽ അനുമതി നേടിയെടുത്ത റോഡുകളുടെ പണി തുടങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ നിബന്ധനകളിൽ മാറ്റം വരുത്തേണ്ടതുണ്ട്. എസ്.ജി.എസ്.വൈ. പദ്ധതിയിൽ 68.85 കോടി രൂപ ലഭ്യമാക്കുകയും 66.49 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഹരിയാലി പദ്ധതിയിൽ 73 കോടി രൂപയും എൻ.ആർ.ഇ.ജി.പി-യിൽ 100 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. എം.എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുകയും ജീവനക്കാരുടെ കുറവ് പരിഹരിക്കുകയും ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥരെ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കുകയും വേണം. പഞ്ചായത്തുകളിൽ അക്കൗണ്ടന്റുമാരെ നിയമിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. ഡബിൾ എൻട്രി സിസ്റ്റം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുകയും ആഡിറ്റ്

വിഷയങ്ങളിൽ വേണ്ടത്ര പരിശീലനം നൽകുകയും വേണം. സാദ്ധ്യതകളും ആവശ്യകതയും വിലയിരുത്താതെ പദ്ധതികൾ നടപ്പാക്കുന്ന രീതിയിൽ മാറ്റം വരുത്തുകയും ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് പഞ്ചായത്തുകളിൽത്തന്നെ രേഖകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും വേണം. ഗ്രാമസഭകളിൽ പത്ത് ശതമാനം ക്വാറം ഉറപ്പുവരുത്തണം. വാർഡുകളുടെ പുനർ വിഭജനവും വലിപ്പമേറിയ പഞ്ചായത്തുകളുടെ വിഭജനവും നടത്തണം. ജനകീയാസൂത്രണ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം ഉറപ്പാക്കണം. കൂടുതൽ വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തിക്കൊണ്ട് ഡി.പി.സി.-കളെ ശക്തിപ്പെടുത്തുകയും അഴിമതി വിമുക്തമാക്കുകയും ചെയ്യണം. ഗ്രാമീണ റോഡുകളുടെ മെയിന്റനൻസിനും റീ-ടാറിംഗിനുമുള്ള ഒരു പാക്കേജുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പി.ഡബ്ല്യു.ഡി-യെ അഴിമതി വിമുക്തമാക്കിയതിന്റെ ഫലമായി മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇ-ടെൻഡറിംഗ് നടപടി സ്വീകരിക്കുകയും 5000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി ആ പദ്ധതികൾ നടപ്പാക്കണം. കേന്ദ്ര റോഡ് ഫണ്ടും നബാർഡിന്റെ ഫണ്ടും എല്ലാ മണ്ഡലങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വികസന പ്രക്രിയകളെ അട്ടിമറിക്കുന്ന സർക്കാരാണിത്. വകുപ്പുകൾ തമ്മിലുള്ള ശീതസമരം കാരണം ഗ്രാമീണ റോഡുകൾ നന്നാക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരമാണ് 14,000 കിലോമീറ്റർ ഗ്രാമീണ റോഡുകൾ ത്രിതല പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തത്. പഞ്ചായത്തുകളുടെമേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുന്ന നടപടിയാണ്.

ഗ്രാമീണ റോഡുകളുടെ പരിതാപകരമായ അവസ്ഥയ്ക്ക് പരിഹാരം കാണണം. ആവശ്യത്തിന് ജീവനക്കാരില്ലാത്ത പഞ്ചായത്തുകളുടെമേൽ റോഡ് പണിയുടെ ഉത്തരവാദിത്വം കൂടി കെട്ടിവയ്ക്കുന്നത് ശരിയല്ല. എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്., കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന്റെ ഭരണ നിർവ്വഹണം നടത്തിക്കൊണ്ടിരുന്ന എ.ഇ. മാരെ ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും മാറ്റാനുള്ള തീരുമാനം പുനരാലോചിക്കണം. പഞ്ചായത്തുകളിൽ ആരംഭിച്ച പുനർവിന്യാസം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബ്ലോക്ക്തലത്തിലുള്ള ക്രമീകരണത്തിൽ നടത്തിയ അഴിച്ചുപണി പദ്ധതി പ്രവർത്തനങ്ങളെ അവതാളത്തിലാക്കും. പെൻഷൻ ഏകീകരണവുമായി ബന്ധപ്പെട്ട് പുതിയ നിയമനം നടത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. പല പദ്ധതികൾക്കും അംഗീകാരം കൊടുക്കുന്നത് വർഷാവസാനത്തിലായതിനാൽ അവയൊന്നും യഥാസമയം നടപ്പിലാക്കാനോ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി പ്രയോജനപ്പെടുത്താനോ കഴിയുന്നില്ല. ഗ്രാമീണ റോഡ് വികസനത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ താഴെയാണ് കേരളത്തിന്റെ സ്ഥാനം എന്നത് ലജ്ജാകരമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വേണ്ടവിധത്തിൽ ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് റിവ്യൂ ചെയ്യണം. തൊഴിലിന് നിയമപരമായ ഉറപ്പ് നൽകി ദാരിദ്ര്യം ഇല്ലാതാക്കാനുതകുന്ന ബൃഹത് സംരംഭമാണ് തൊഴിലുറപ്പ് പദ്ധതി. കേന്ദ്രം അനുവദിച്ചുതന്ന പദ്ധതിയുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. പദ്ധതി നടത്തിപ്പിന് ആവശ്യമായ എഞ്ചിനീയർമാരെയും ഉദ്യോഗസ്ഥരെയും നിയമിക്കാനും ഉദ്യോഗസ്ഥരുടെ

അഭാവം നേരിടുന്ന പഞ്ചായത്തുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പുനർവിന്യാസം നടത്താനും നടപടി സ്വീകരിക്കണം. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും നാടിന്റെ വികസനവും പ്രസിദ്ധീകരണങ്ങളിൽ മാത്രമാണ് പ്രതിഫലിക്കുന്നത്. കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലായ്മയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം അവതാളത്തിലാക്കുന്നു. അടിക്കടി പുറത്തിറക്കുന്ന അവ്യക്തത നിറഞ്ഞ ഉത്തരവുകളുടെ വ്യവസ്ഥകളെ ഹനിക്കുന്ന തീരുമാനങ്ങൾക്കും അറുതി വരുത്തണം. ഉൽപാദനരംഗത്തുള്ള പിന്നോക്കാവസ്ഥ ജീവിത സുരക്ഷയ്ക്ക് ഭീഷണി സൃഷ്ടിക്കും. തൊഴിൽ സുരക്ഷയും ഭക്ഷ്യ സുരക്ഷയും ജീവിത സുരക്ഷയ്ക്ക് അത്യാവശ്യമാണ്. ബ്ലോക്ക് ലെവൽ ടെക്നിക്കൽ കമ്മിറ്റി നോക്കുകുത്തിയായി മാറിയിരിക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എം.ഡി.ആറും സ്റ്റേറ്റ് ഹൈവേയുമടക്കം 9400-ൽപ്പരം കിലോമീറ്റർ റോഡുകളാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഒരു കിലോമീറ്റർ റോഡ് പോലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ചെയ്തിട്ടില്ല. ഗവൺമെന്റ് ഏറ്റെടുത്ത് നോട്ടിഫൈ ചെയ്ത് ജില്ലാ പഞ്ചായത്തുകൾക്ക് കൊടുത്തത് ഒഴിച്ച് ബാക്കി റോഡുകൾ നന്നാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ബയോ-മെഡിക്കൽ വേസ്റ്റ് സംസ്ക്കരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നഗര പ്രദേശങ്ങളിൽ സ്വീവേജ് സംവിധാനം നടപ്പിലാക്കണം.

ശ്രീ. കെ. പി. മോഹനൻ: സംസ്ഥാനത്ത് നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് അർഹമായ പ്രാതിനിധ്യം കിട്ടാനുള്ള നടപടി സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയാൻ ആവശ്യമായ പരിശോധന നടത്താൻ തയ്യാറാകണം. ജനകീയാസൂത്രണ

പദ്ധതിയിൻകീഴിൽ സേവന മേഖലയിലും പശ്ചാത്തല മേഖലയിലും കൂടുതൽ ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിൽ ഇപ്പോൾ ഫ്രണ്ട് ഓഫീസ് ഗുണകരമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഗസറ്റഡ് പദവി നൽകണം. റോഡുകളുടെ അടിസ്ഥാനത്തിൽ സോൺ നിർണ്ണയിച്ച് നികുതി നിശ്ചയിക്കുന്നതിലെ അപാകത പരിഹരിക്കണം. കൂടുതൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിയമിക്കാനുള്ള നടപടിയുണ്ടാകണം. വിഷൻ 2010-ലൂടെ 1000 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുമെന്നത് സ്വാഗതാർഹമാണ്. പ്രയോറിറ്റി ലിസ്റ്റ് അനുസരിച്ച് പുതുതായി റോഡുകൾ ഉണ്ടാക്കുന്നതിനും ഗുണമേന്മ നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. പെരിങ്ങളം മണ്ഡലത്തിലെ ന്യൂമാഹി-പെരിങ്ങാടി-മേനപ്പുറം-പള്ളിക്കുനി റോഡും കണ്ണൂർ എയർപോർട്ടുമായി ബന്ധപ്പെട്ട റോഡുകളും ഏറ്റെടുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. റോഡുകൾ കുഴിക്കുന്നത് സംബന്ധിച്ച് ജല അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും തമ്മിലുള്ള അഭിപ്രായവ്യത്യാസം അവസാനിപ്പിക്കണം.

ശ്രീ. പി.ടി.എ റഹീം : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ മാതൃകയാക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. ഹജ്ജിന് തുല്യാവസരം ലഭിക്കുന്നതിന് രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കണം. കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ റോസ്ഗാർ യോജന മികച്ച രീതിയിൽ നടപ്പിലാക്കുകയും അതുവഴി 742 റോഡുകൾക്ക് അംഗീകാരം വാങ്ങുകയും പദ്ധതി നടപ്പിലാക്കാനായി

സംസ്ഥാന സർക്കാർ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുകയും റോഡുകൾക്ക് 8 മീറ്റർ വീതി എന്നുള്ളത് 6 മീറ്ററാക്കി കുറയ്ക്കുകയും ചെയ്യാൻ സാധിച്ചത് സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമാണ്. എല്ലാ പഞ്ചായത്തുകൾക്കും ഒരേ രീതിയിലുള്ള കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയത് സ്വാഗതാർഹമാണ്. 660 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങൾക്ക് പ്ളാൻ സമർപ്പിക്കുന്നത് ഒഴിവാക്കിയതും വാടക മൂല്യത്തിന് പകരം തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതും സ്വാഗതാർഹമാണ്. കെട്ടിടങ്ങൾക്ക് ടാക്സ് 25 ശതമാനമേ വർദ്ധിപ്പിക്കാൻ പാടുള്ളൂ എന്ന് സീലിംഗ് ഏർപ്പെടുത്തിയതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നിഷ്ടപ്രകാരം ടാക്സ് വർദ്ധിപ്പിക്കുന്നത് ഒഴിവാക്കാൻ സാധിക്കും. 330 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് സ്വാഗതാർഹമാണ്. പി.ഡബ്ള്യൂ.ഡി. രംഗത്ത് 1500 കോടി രൂപയുടെ മലബാർ പാക്കേജ് പ്രഖ്യാപിച്ചു. വിഷൻ 2010-ലൂടെ ഭരണാനുമതി കിട്ടിയ പദ്ധതികൾ നടപ്പിലാക്കാനായി ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ ത്വരിതഗതിയിലാക്കണം.

<u>ശ്രീ. എ.സി. മൊയ്തീൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്തിന്റെ വളർച്ചയ്ക്കാവശ്യമായ സമഗ്ര വികസന നയം രൂപീകരിച്ച് അഴിമതിരഹിത പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് വിഹിതമുണ്ടെങ്കിൽ 3 കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് ധനകാര്യവകുപ്പിന്റെ അംഗീകാരം വേണ്ടെന്ന തീരുമാനം പൊതുമരാമത്ത് വകുപ്പിന് കൂടുതൽ ഗുണകരമാകും. പൊതുമരാമത്ത് വകുപ്പിൽ കോടികളുടെ അഴിമതിയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്തു

ണ്ടായത്. ധനസഹായം നൽകിയും സ്ഥലമെടുപ്പ് പൂർത്തീകരിച്ചും തലസ്ഥാന നഗര വികസന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന 2009 ഏപ്രിൽ മാസംവരെയുള്ള ബാധ്യതകൾ കൊടുത്തുതീർത്തു. ഗ്രാമീണ റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പണം അനുവദിക്കണം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത റോഡുകളുടെ പ്രശ്നങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പും മരാമത്ത് വകുപ്പും കൂടി ആലോചിച്ച് പോംവഴി കണ്ടെത്തണം. മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചു. കാർഷികോൽപ്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. നീർത്തടാധിഷ്ടിത പദ്ധതിക്ക് കൂടുതൽ ഊന്നൽ നൽകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടെങ്കിലും പഞ്ചായത്തുകളിൽ അവരുടെ സേവനം ലഭിക്കുന്നില്ല. രണ്ട് പഞ്ചായത്തുകളിൽവീതം ഒരു എ.ഇ.യേയും എല്ലാ പഞ്ചായത്തുകളിലും ഓവർസീയർമാരേയും നിയമിച്ച് പദ്ധതികളുടെ പ്രവർത്തനം സുഗമമാക്കണം. പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം ഒഴിവാക്കണം. കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ പദ്ധതി വിഹിതം നൽകുന്നതിൽ ഒരു ഗഡുപോലും മുടങ്ങിയിട്ടില്ല. പഞ്ചായത്തുകൾ നേതൃത്വം നൽകി 41000 ഏക്കറിലധികം സ്ഥലത്ത് കൃഷി ഇറക്കാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ മാതൃകാപരമായ പ്രവർത്തനങ്ങളുണ്ടായിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം യാഥാർത്ഥ്യമാക്കി. ജനകീയ സൗഹൃദത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് സംവിധാനം പുരോഗമിച്ചുവരുന്നു. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് പ്രഥമ പരിഗണന നൽകി. തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ 16450 ഏക്കർ തരിശ്ശ് ഭൂമി കൃഷി യോഗ്യമാക്കി .ഇ.എം.എസ്. ഭവനപദ്ധതിയിലൂടെ ഭവനരഹിതരായ പാവപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന സാഹചര്യം സൃഷ്ടിച്ചു. കേരളത്തെ മാലിന്യമുക്തമാക്കി പുതിയ ആരോഗ്യ കേരളം സൃഷ്ടിക്കണം. സാനിറ്റേഷൻ മിഷനും ക്ളീൻ കേരളാ മിഷനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചതു കൊണ്ട് ഈ രംഗത്തുള്ള പ്രവർത്തനം ഗുണകരമായി മാറുകയാണ്. ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ പാലിച്ചതിലൂടെ അവരുടെ കാര്യക്ഷമതയും ഉത്തരവാദിത്വബോധവും വർദ്ധിപ്പിക്കാൻ സാധിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥ പുനർവിന്യാസം ഏറെക്കുറെ നടപ്പിലായിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടം എല്ലാ പഞ്ചായത്തുകൾക്കും ഒരുപോലെ ബാധകമാക്കുന്നത് നല്ല കാര്യമാണ്. ഗ്രാമസഭകൾ, കർമ്മ സമിതികൾ, ഉപദേശക സമിതികൾ, ജനകീയ സംവിധാനം എന്നിവ ശക്തമാക്കാൻ സാധിച്ചു. കുടുംബശ്രീയുടെ പ്രവർത്തനം സാമൂഹ്യ സേവനം നടത്തുന്ന സന്നദ്ധ പ്രസ്ഥാനമായി മാറുകയാണ്. സോഷ്യൽ ആഡിറ്റിംഗ് വഴി പദ്ധതികൾക്ക് ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. പദ്ധതി പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പരിപാടി പുരോഗമി

ച്ചുകൊണ്ടിരിക്കുന്നു. നൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക സമൂഹികജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സാഹചര്യം മനസ്സിലാക്കി നടപ്പാക്കാനുള്ള ശ്രമം ഉണ്ടായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള തീവ്രയത്ന പരിപാടികൾ സംസ്ഥാനത്തുടനീളം നടക്കുകയാണ്. ടെണ്ടർ സിസ്റ്റം സമഗ്രമായി അഴിച്ചുപണിയാനും ക്വാളിറ്റി മാനുവൽ തയ്യാറാക്കാനും മരാമത്ത് വകുപ്പിന് സാധിച്ചു. എടയ്ക്കാട് നിയോജക മണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന ഓടക്കടവ്, വാരങ്കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കണം. റോഡ് വികസനത്തിന് സഹായകമായ നിലപാട് സ്വീകരിച്ചുവെങ്കിലും വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡ് വികസിപ്പിക്കാൻ സാധിച്ചിട്ടില്ല. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയ പാത-17-ലെയും 47-ലെയും ജനസാന്ദ്രത കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തണം. വിഷൻ 2010-ൽ 140 നിയോജക മണ്ഡലങ്ങളിലെയും റോഡുകളുടെ വികസനത്തിനായി 300 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. തീരദേശ ഹൈവേയുടേയും ഹിൽ ഹൈവേയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കണം. മുടങ്ങിക്കിടക്കുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും പുതിയ റെയിൽവേപ്പാലങ്ങളും മേൽപ്പാലങ്ങളും നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ഓവർബ്രിഡ്ജുകളുടെ പണി പൂർത്തീകരിച്ച് കണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള റെയിൽവേ ഗേറ്റുകളിലുണ്ടാകുന്ന തടസ്സം ഒഴിവാക്കണം. മലബാർ പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ഐ.റ്റി. പാർക്കുകൾ,

തീർത്ഥാടന കേന്ദ്രങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ എന്നിവയുള്ള പ്രദേശങ്ങളിൽ പുതിയ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം പൂർത്തീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തിക്കൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങളിലെ വികസനപ്രവർത്തനങ്ങളിൽ വലിയ മാറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണ യൂണിറ്റുകൾവഴി സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഈ സംവിധാനത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പുവഴി ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കൂട്ടായ്മയിലൂടെ നികുതി പിരിച്ചെടുത്ത് സാമ്പത്തികനില ശക്തിപ്പെടുത്താനുള്ള നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചത്. ജില്ലാതലത്തിലും പ്രാദേശികതലത്തിലും വികസനപ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കാൻ ജില്ലാ ആസൂത്രണ സമിതികൾക്ക് സഹായം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു പ്രദേശത്തിന് അനുയോജ്യമായ വികസനപ്രവർത്തനങ്ങൾ തയ്യാറാക്കാൻ സ്പെഷ്യൽ ഗ്രാമസഭകളും വർക്കിംഗ് ഗ്രൂപ്പുകളും കൂടി സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി പൂർത്തീകരിക്കുന്ന നടപടി കൊല്ലം ജില്ലാ പഞ്ചായത്ത് ആരംഭിച്ചു. ആ മാതൃക കേരളത്തിലാകമാനം നടപ്പിലാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളും ആസൂത്രണവകുപ്പും തയ്യാറാകണം. ജനങ്ങൾക്ക് നല്ല സേവനം പ്രദാനം ചെയ്യാനും അഴിമതി ഒഴിവാക്കാനും കഴിയുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കണം. പഞ്ചായത്ത് സെക്രട്ടറി തസ്തിക ഗസറ്റഡ് തസ്തികയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിൽ അക്കൗണ്ടന്റിനെ നിയമിക്കാൻ തീരുമാനിച്ച നടപടി സ്വാഗതാർഹമാണ്. കേന്ദ്രം നിശ്ച

യിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചുകൊണ്ട് കേരളത്തിന്റെ പ്രത്യേക തയ്ക്ക് അനുസരിച്ചുള്ള റോഡുകൾ നിർമ്മിക്കാനുള്ള ഇടപെടൽ നടത്താൻ ഗവണ്മെന്റ് തയ്യാറാകണം. തൊഴിലുറപ്പു പദ്ധതി മാതൃകാപരമായി നടപ്പാക്കാൻ കഴിഞ്ഞു. ത്രിതല പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തൊഴിലുറപ്പു പദ്ധതിപ്രകാരമുള്ള വർക്കുകൾ ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കണം. ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കണം. കൗമാരപ്രായക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബോധവൽക്കരണം നടത്താനുള്ള സംവിധാനമുണ്ടാകണം. കരാറുകാരുടെ 2009 ഏപ്രിൽ വരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കാനും റോഡുപണി കാര്യക്ഷമമായും സുതാര്യമായും നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. ആർക്കിടെക്ച്ചറൽ വിംഗ് ശക്തിപ്പെടുത്തി സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. കൊട്ടാരക്കരയിൽ എൻ.എച്ച്.-ൽ ഒരു ബൈപാസ് നിർമ്മിക്കാനുള്ള തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. അജിത്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 15 കോടിയോളം രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഭരണഘടനാപരമായ തടസ്സങ്ങൾമൂലം പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഈ ഗവണ്മെന്റിന്റെ ശക്തമായ ഇടപെടലുകളിലൂടെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. വർക്കുകളുടെ സുതാര്യമായ നടത്തിപ്പിനായി ഇ-ടെണ്ടർ സംവിധാനം നടപ്പാക്കാൻ തീരുമാനിച്ചതും തീരദേശമേഖലയുടെ റോഡ് വികസനത്തിന് നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് പാട്ടത്തിന്

നൽകിയ വൈക്കം മണ്ഡലത്തിലെ പി.ഡബ്ളിയു.ഡി. ഗസ്റ്റ് ഹൗസ് തിരിച്ചെടുത്ത് നവീകരണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ചേർത്തലയും വൈക്കവുമായി ബന്ധപ്പെടുത്തുന്ന പാലത്തിന്റെ പണി കേന്ദ്ര സഹായത്തോടുകൂടി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. നെടുമ്പാശ്ശേരി-സീപോർട്ട് -എയർപോർട്ട് റോഡും കുമരകം ടൂറിസ്റ്റ് കേന്ദ്രവുമായി ബന്ധപ്പെടുത്തി പുതിയൊരു പാത നിർമ്മിക്കണം. നിർമ്മാണപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെയും പി.ഡബ്ളിയു.ഡി. വകുപ്പിന്റെയും നേതൃത്വത്തിൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കണം. പൂത്തോട്ടയിൽ നിന്ന് വൈക്കം മണ്ഡലത്തിലേയ്ക്കുള്ള റോഡ് കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെടുത്തി സഞ്ചാരയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആംഗ്ളോ ഇൻഡ്യൻ സമൂഹത്തിന് പത്ത് വർഷമായി നഷ്ടപ്പെട്ടിരുന്ന പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷന് നൽകിയിരുന്ന സ്പെഷ്യൽ ക്വാട്ട പുന:സ്ഥാപിച്ച എൽ.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കുന്നു. സ്ത്രീശാക്തീകരണത്തിന് കൂടുതൽ ഊന്നൽ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഹരിതകേരളം പദ്ധതി നടപ്പാക്കിയതോടെ പരിസ്ഥിതിക്ക് പ്രധാന്യം കൊടുക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു. ശബരിമല മാലിന്യനിർമ്മാർജ്ജനത്തിനായി പമ്പാ ആക്ഷൻ പ്ളാൻ എന്ന പദ്ധതി രൂപീകരിച്ചു. കേരളത്തിലെ നദികളെ മാലിന്യമുക്തമാക്കി ഗ്രാമങ്ങളെയും നഗരങ്ങളേയും രക്ഷിക്കണം. കേന്ദ്രസർക്കാർ നടപ്പാക്കിയ കോസ്റ്റൽ റെഗുലേഷൻ സോണിലെ നിബന്ധനകളുടെ ഫലമായി മൽസ്യത്തൊഴിലാളികൾ നേരിടുന്ന തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം

കേന്ദ്ര ഗവണ്മെന്റിന്റെ ഇത്തരം നയങ്ങൾക്കെതിരെ ഒരുമിച്ചു നിൽക്കാനും കക്ഷിരാഷ്ട്രീയഭേദമന്യേ എല്ലാവരും തയ്യാറാകണം. സമൂഹത്തിലെ ദുർബ്ബ ലജനവിഭാഗങ്ങളെയെങ്കിലും 100 ശതമാനം കെട്ടിട നികുതി വർദ്ധനയിൽ നിന്ന് ഒഴിവാക്കണം. കൂടുതൽ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ ഗ്രാമപ്രദേശങ്ങളിൽ നടപ്പാക്കരുത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായ ത്തോടെ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും ശാസ്ത്രീയമായ രീതിയിൽ ഓടകൾ ക്ളീൻ ചെയ്യാനും നടപടി സ്വീകരിക്കണം. കൊതുകുനശീകരണ പരിപാടി ത്വരിതഗതിയിൽ നടത്തണം. അറവുശാലകൾ വഴി ഗുണമേന്മയുള്ള മാംസവിൽപ്പന നടത്താനുള്ള സംവിധാനമുണ്ടാക്കണം. വാഹനങ്ങളുടെ പുകമലിനീകരണം തടയാൻ തദ്ദേശഭരണസ്ഥാപനങ്ങൾ മുൻകയ്യെടുക്കണം. അന്യസംസ്ഥാനങ്ങളിൽ നിന്ന് നഗരപ്രദേശത്തിലേയ്ക്ക് വരുന്ന സ്വകാര്യ വാഹനങ്ങൾക്ക് ചെറിയൊരു ശതമാനം ടാക്സ് ഏർപ്പെടുത്താൻ തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. വിവിധ ആവശ്യങ്ങൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുന്നത് തടയണം. വീട്ടുനികുതി പിരിവ് കൂടുതൽ ഊർജ്ജിതപ്പെടുത്തി വിഭവ സമാഹരണം വർദ്ധിപ്പിക്കണം. ത്രിതല പഞ്ചായത്ത് മെമ്പർമാർക്ക് കൊടുക്കുന്ന ഓണറേറിയം വർദ്ധിപ്പിക്കണം. റോഡിനോടുചേർന്ന് കെട്ടിടം വയ്ക്കാൻ ബുദ്ധിമുട്ടുള്ള തുണ്ടുഭൂമികൾ വില കൊടുത്ത് സർക്കാർ ഏറ്റെടുക്കണം. വൻകിടക്കാരെ മാത്രം മുന്നിൽ കണ്ടു കൊണ്ടുള്ള നഗര വികസന സമീപനത്തിൽ മാറ്റം വരുത്തണം. ഗ്രാമങ്ങളെ ക്കൂടി യോജിപ്പിച്ചുകൊണ്ടുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കണം. മൈതാനങ്ങളും മറ്റ് പൊതു സ്ഥലങ്ങളും സംരക്ഷിക്കുന്ന തിന് നടപടിയുണ്ടാകണം.

ശ്രീ. ടി.യു. കുരുവിള : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവുംകൂടുതൽ പൂർത്തിയാക്കിയ വർഷ മാണിത്. കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചു. മലയോര ഹൈവേയും തീരപ്രദേശ റോഡുകളും ഏറ്റെടുത്ത് പ്രാവർത്തികമാക്കണം. വടക്ക്-തെക്ക് റോഡിന്റെ നിർമ്മാണം സംബന്ധിച്ച് സാങ്കേതിക പഠനം നടത്തണം. ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം. കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് എത്രയും വേഗം നടപ്പിലാ ക്കണം. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കും കോൺട്രാക്ടർമാർക്കും സാങ്കേതിക പരിശീലനം നൽകണം. അറ്റകുറ്റപ്പണി കൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ടെണ്ടറുകൾ ക്ഷണിക്കണം. വർദ്ധിച്ചു വരുന്ന ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനു വേണ്ടി റോഡ് വികസന നയം നടപ്പിലാക്കണം. മുഴുവൻ സ്ഥലവും ഏറ്റെടു ത്തതിനുശേഷം മാത്രമേ പണി ടെണ്ടർ ചെയ്യാവൂ എന്നുള്ള നിബന്ധനയിൽ ഇളവ് വരുത്തണം. സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിച്ച് വർക്കുകൾ വിഭജിച്ച് നൽകണം. കാക്കനാട്-തങ്കളം, നെടുമ്പാശ്ശേരി-കൊടൈക്കനാൽ എന്നീ റോഡുകൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി.എം. ദിനേശ് മണി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പ് കൂട്ടുത്തരവാദിത്വത്തോടും കാര്യക്ഷമതയോടുംകൂടി മുന്നോട്ടുപോകുകയാണ്. മരാമത്ത് വകുപ്പിൽ ജനപ്രതിനിധികൾക്ക് പ്രാതിനിധ്യമുള്ള ഒരു വികസന സമ്പ്രദായം ആവിഷ്കരിച്ച് നടപ്പിലാക്കിയിരി ക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ പ്രശംസ നീയമാണ്. ജനകീയാസൂത്രണത്തെ ലോകത്തിന് അഭിമാനകരമായ പ്രസ്ഥാന

മായി മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കാർഷികോല്പാദന മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. കോർപ്പറേഷനിലും മുനിസിപ്പാലിറ്റി കളിലും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. ഗ്രാമ വികസന വകുപ്പിൽ നിരവധി പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തി. ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് യൂണിഫോം കൊടുക്കുകയും അവരുടെ ജോലി കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരു ത്തുകയും സ്ട്രക്ച്ചറൽ മാറ്റം വരുത്താനാവശ്യമായ നടപടി സ്വീകരിക്കു കയും വേണം. റവന്യൂ/ബില്ലിംഗ് ഇൻസ്പെക്ടർമാരുടെ പേരിലും ജോലി ഘടനയിലും മാറ്റം വരുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. മുനിസിപ്പൽ ജീവനക്കാർ ശുചീകരണ പ്രവർത്തനങ്ങളിൽ കാര്യമായ പങ്ക് വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സിവിൽ എഞ്ചിനീയർമാരുടെ കുറവ് പരിഹരിക്കണം. നഗരങ്ങൾക്കുവേണ്ടി മാസ്റ്റർ പ്ളാൻ തയ്യാറാക്കണം. ടൗൺ പ്ളാനിംഗ് ഡിപ്പാർട്ട്മെന്റിനെ ശക്തിപ്പെ ടുത്തണം. എറണാകുളം റീജിയണൽ ടൗൺ പ്ളാനിംഗ് ആഫീസിലെ തസ്തി കകൾ നിലനിറുത്തിക്കൊണ്ട് കൊച്ചിയിലെ മാസ്റ്റർ പ്ളാൻ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ മാറ്റിയെടുക്കുന്നതിന് നടപടി സ്വീകരിക്കണം. ജില്ലാ ഭരണകൂടം എന്നുള്ള സംവിധാനം ഒഴിവാക്കി ജില്ലാ കൗൺസിലുകൾ രൂപീകരിക്കണം. വർദ്ധിച്ചുവരുന്ന ജനസാന്ദ്രത കണക്കിലെടുത്ത് നഗരങ്ങ ളിലേയ്ക്ക് കാറുകൾ വരുന്നത് നിയന്ത്രിക്കുകയും പൊതു ട്രാൻസ്പോർട്ട് സർവ്വീസ് ശക്തിപ്പെടുത്തുകയും വേണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ 70 ശതമാനം റോഡുകളും പഞ്ചായത്ത് റോഡുകളാണ്. അതിന്റെ കൂടെ 13,000 കി.മീറ്റർ റോഡുകൾ കൂടി പഞ്ചായത്തിനെ ഏൽപ്പിക്കുന്നതുവഴി അവരുടെ ഭാരം വർദ്ധിക്കുകയാണ്. സംസ്ഥാനത്ത് ഡിമാന്റിനേക്കാൾ കൂടിയ എമൗണ്ടിന് എ.എസ്. കൊടുത്തിരിക്കുന്നു. 2006-2007-ൽ പി.ഡബ്ല്യു.ഡി.ക്ക് നൽകിയ തുക ചെലവഴിച്ചിട്ടില്ല എന്നാണ് എക്കണോമിക് റിവ്യൂവിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. ജനകീയാസൂത്രണം നടപ്പിലാക്കുകവഴി അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തി വച്ചിരിക്കുകയാണ്. ഇൻഫർമേഷൻ കേരള മിഷൻ വഴി പഞ്ചായത്തുകൾ വാങ്ങിയ കമ്പ്യൂട്ടറുകളുടേയും മറ്റും കണക്ക് ഗവൺമെന്റിന് കൊടുക്കണം എന്ന് പറയുന്നത് അധികാര വികേന്ദ്രീകരണം എന്ന ആശയത്തിന് എതിരാണ്. പഞ്ചായത്തുകളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. പി.എം. ജി.എസ്.വൈ. പദ്ധതി പ്രകാരം ഇലക്ട്രിസിറ്റി പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റ് തുടങ്ങിയവ മാറ്റുന്നതിനും മറ്റും ആവശ്യമായ തുക മറ്റു സംസ്ഥാനങ്ങളിൽ അതതു സംസ്ഥാന ഗവൺമെന്റുകളാണ് വഹിക്കുന്നതെങ്കിൽ കേരളത്തിൽ അത് പഞ്ചായത്തുകളാണ് വഹിക്കേണ്ടത്. എസ്.എസ്.എ. സ്കീമിനുവേണ്ടി കേന്ദ്രസർക്കാർ 60 ശതമാനവും അതതു സംസ്ഥാന സർക്കാരുകൾ 40 ശതമാനം തുകയുമാണ് നൽകേണ്ടതെങ്കിൽ കേരളത്തിൽ 35 ശതമാനം പഞ്ചായത്തുകൾ നൽകണമെന്നാണ് പറയുന്നത്. പഞ്ചായത്തുകളുടെ ഡെവലപ്പ്മെന്റിനുവേണ്ടി പ്ലാൻ ഫണ്ടിന്റെ 30 ശതമാനം ഉപയോഗിക്കാമായിരുന്നത് പതിനൊന്നാം പദ്ധതിക്കാലത്ത് 20 ശതമാനമായി കുറച്ചിരിക്കുകയാണ്. പഞ്ചായത്തു റോഡുകളൊക്കെ തോടായി മാറി.ക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിലെ കണക്കു

പരിശോധിച്ചാൽ റബ്ബറിനും, തേയിലയ്ക്കുമൊഴിച്ച് മറ്റെല്ലാ കാർഷിക വിളകളുടേയും ഉൽപ്പാദനം കുറഞ്ഞതായി കാണാം. കേരളം മാഫിയ കളുടെ കയ്യിലാണ്. കേന്ദ്ര ഗവൺമെന്റ് നൽകുന്ന പണം വേണ്ട രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. പി.എം.ജി.എസ്.വൈ.യ്ക്ക് പ്രത്യേകം ഷെഡ്യൂൾ തയ്യാറാക്കിയാൽ മുഴുവൻ സംഖ്യയും കേന്ദ്രം തരുമെന്നുള്ളതു കൊണ്ട് ഗവൺമെന്റ് അതിന് തയ്യാറുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. കെട്ടിടങ്ങൾക്കും കടകൾക്കും നികുതി നിശ്ചയിച്ചതിലെ അപാകത പരിഹരി ക്കണം. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിയ ഒരേ ബിൽഡിംഗ് റൂൾസ് പിൻവലിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ട്രഷറിയിൽ 15 ലക്ഷം രൂപയുടേയും സെൻട്രൽ ഡിപ്പോയിൽ 37 ലക്ഷം രൂപയുടേയും പത്ത് രൂപ മുദ്രപ്പത്രം സ്റ്റോക്കുണ്ട്.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശഭരണ വകുപ്പിനെ സംബന്ധിച്ച ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ ഉയർന്നുവന്ന വിമർശനങ്ങളും നിർദ്ദേശ ങ്ങളും പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ അഭിമാനക രമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പരിപാടി ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. അധികാര ങ്ങളുപയോഗിച്ചുകൊണ്ട് പ്രവർത്തിക്കാനാവശ്യമായ ഫണ്ട് വിവിധ സ്രോത സ്സുകളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നു ണ്ടെങ്കിലും അത് ശരിയായ രീതിയിൽ സന്ദർഭോചിതമായി നിർവ്വഹിക്കാനാവ ശ്യമായ ജീവനക്കാരില്ലെന്നുള്ളത് വസ്തുതയാണ്. ഉദ്യോഗസ്ഥരുടെ

പുനർവിന്യാസം പൂർത്തീകരിക്കും. എഞ്ചിനീയർമാരുടെ സേവനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കും. ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാക്കാനും നടപടി സ്വീകരിക്കും. 2011-ഓടുകൂടി എല്ലാവർക്കും വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജനപ്രതിനിധികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ആരോഗ്യ വകുപ്പിന്റേയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി മാലിന്യനിർമ്മാർജ്ജനത്തിൽ കുറെ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെങ്കിലും അതിന് നല്ല രീതിയിലുള്ള ബോധവൽക്കരണം ആവശ്യമാണ്. പട്ടണപ്രദേശങ്ങളിൽ ഇതിനാവശ്യമായിട്ടുള്ള പദ്ധതികളും പ്ലാന്റുകളുമുണ്ടെങ്കിലും സ്ഥലം അന്വേഷിക്കുന്ന ഘട്ടത്തിൽ വലിയ എതിർപ്പുണ്ടാവുകയാണ്. ഏതെങ്കിലും പ്രദേശങ്ങളിൽ സ്ഥാപനമുണ്ടെങ്കിലും പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുകയാണ്. ഇത്തരം സ്ഥാപനങ്ങൾ മുഖേന ജനങ്ങൾക്ക് ശല്യമുണ്ടാകുന്നത് പരിഹരിക്കപ്പെടേണ്ടതാണ്. മാലിന്യ സംസ്ക്കരണത്തിനുള്ള വിവിധ സംവിധാനങ്ങളുമായി നിരവധി കമ്പനികൾ പഞ്ചായത്തുകളെ സമീപിക്കുന്നുണ്ട്. പഞ്ചായത്തുകൾ അവരുമായി കരാർ ഒപ്പിടുന്നതിനുമുമ്പ് ബന്ധപ്പെട്ട കമ്മിറ്റിയുമായി ആലോചിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും യുക്തമായ പദ്ധതി കണ്ടെത്തി മാലിന്യ സംസ്ക്കരണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് ഇതിന് സഹായകമായിട്ടുള്ള കാര്യമാണ്. സ്ലാട്ടർ ഹൗസ് പ്രായോഗികമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടുകൂടി മാലിന്യ സംസ്ക്കരണം നടപ്പിലാക്കാനാണ് ആഗ്രഹിക്കുന്നത്. 14-ജില്ലകളിലും സമഗ്ര

പദ്ധതികൾ ആരംഭിച്ച് കുടുംബശ്രീയുടെ പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടുപോകുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കാനും അവ ഫലപ്രദമായി നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരം അപേക്ഷിച്ച എല്ലാവർക്കും ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരമുള്ള നിശ്ചിത വേതനത്തിന് ജോലിചെയ്യാൻ അപേക്ഷകരില്ലാത്തതിനാലും കൃഷിപ്പണി നടക്കുന്ന സമയത്ത് ഈ പദ്ധതി പ്രകാരമുള്ള പണികൾ പാടില്ലെന്ന നിർദ്ദേശം കൊടുത്തിട്ടുള്ളതിനാലും 100 ദിവസം ജോലി കൊടുക്കണമെന്നുള്ളത് കേരളത്തിൽ നടപ്പാക്കാൻ കഴിയുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനംവഴി ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ കഴിയുന്നുണ്ട്. നാലഞ്ച് ജില്ലകളിൽ നിലവിൽ വന്ന ഈ പദ്ധതി ഈ വർഷംതന്നെ എല്ലാ ജില്ലകളിലും നടപ്പിൽവരും. പഞ്ചായത്തുകൾ 15 കൊല്ലമായി കെട്ടിടനികുതി പരിഷ്കരിച്ചിട്ടില്ല. പഞ്ചായത്തുകളുടെ ബാധ്യത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ. ഇപ്പോൾ മിക്കവാറും എല്ലാ പഞ്ചായത്തുകൾക്കും ഗവൺമെന്റ് ഗ്രാന്റ് കൊടുക്കേണ്ട അവസ്ഥയാണുള്ളത്. അതുകൊണ്ടാണ് കെട്ടിട നികുതിയിൽ നേരിയ വർദ്ധന വരുത്തിയിട്ടുള്ളത്. അശാസ്ത്രീയ നികുതി വർദ്ധനവ് വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാനും കുറവുചെയ്യാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. മഴവെള്ള സംഭരണി ഫലപ്രദമാണെങ്കിലും ആവശ്യമില്ലാത്ത പ്രദേശങ്ങളിലും ചെറുകിടക്കാരുടെ വീടുകളിലും അവ ഒഴിവാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് ഈ വർഷം അയ്യായിരം പേർക്കുകൂടി സ്റ്റൈപന്റും സ്കോളർഷിപ്പും കൊടുക്കാൻ സാധിക്കും. മദ്രസ്സ അദ്ധ്യാപകരുടെ ക്ഷേമനിധി നടപ്പിലാക്കുന്നതാണ്. കരിപ്പൂർ വിമാനത്താവളത്തിന്റെ

ചുറ്റുമതിലും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വഖഫ് സ്വത്തുക്കൾ സർവ്വേ നടത്തി അന്യാധീനപ്പെട്ടത് തിരിച്ചുപിടിക്കാൻ നടപടി ആരംഭിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഫണ്ട് തിക യാതെ വരുന്ന സന്ദർഭങ്ങളിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന തിനായി ബാങ്കിംങ് സംവിധാനം നിലവിൽ വരാൻ പോകുകയാണ്. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്ക് എല്ലാ തലങ്ങളിലും 25,000 രൂപ കൂടി അധികം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. വീട് വയ്ക്കാൻ വസ്തു വാങ്ങുന്നതിനായി നൽകുന്ന തുകയിലും വർദ്ധന വരുത്തിയിട്ടുണ്ട്. ഇത് എസ്.സി/എസ്.ടി. വിഭാഗത്തിന് കിട്ടുന്നതിന്റെ നേർപകുതി ജനറൽ വിഭാഗത്തിനും ലഭിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു. ഈ വർഷം പരമാവധി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീക രിച്ചിട്ടുണ്ട്. എം.എൽ.എ.മാർ ശുപാർശ ചെയ്ത വർക്കുകളാണ് വിഷൻ 2010-ലൂടെ ഗവൺമെന്റ് ഏറ്റെടുക്കുന്നത്. ഉദ്യോഗസ്ഥതലത്തിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളിൽ പ്രാദേശികമായി എം.എൽ.എ.മാർക്ക് ഇടപെ ടാൻ കഴിയുന്നുണ്ട്. പ്രവൃത്തികൾ പരമാവധി അഴിമതി വിമുക്തവും സുതാര്യവുമായി നടപ്പാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. തലസ്ഥാന നഗര വികസന പദ്ധതിയും കെ.എസ്.ടി.പി. പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് 240 കോടി രൂപ കൂടുതലായി നൽകേണ്ടി വന്നതിന് പ്രധാനപ്പെട്ട ഒരു കാരണം ഭൂമി ഏറ്റെടുക്കലിൽ വന്ന കാലതാമസമാണ്. ഇപ്പോൾ നടപടിക്രമങ്ങൾ പൂർത്തി

യാക്കി 98 ശതമാനം ഭൂമിയും ഏറ്റെടുത്ത് മുടങ്ങിക്കിടന്നിരുന്ന പണികൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ടി.പി.യുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് പരമാവധി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് 2000 കോടി രൂപയുടെ ഭരണാനുമതിയാണ് ഇപ്പോൾ നൽകുന്നത്. പത്ത് വർഷം മുമ്പ് തീരുമാനിച്ച പദ്ധതികൾ സമയബന്ധിത മായി നടപ്പാക്കാൻ കഴിയാതെ വന്നതിനാലാണ് അവയെല്ലാം ചേർത്തു കൊണ്ട് കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടത്തിയിട്ടുള്ള എല്ലാ റോഡുകൾക്കുമായി 1356 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചത്. കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള ഏജൻസികളിൽ നിന്ന് ധനസമാഹരണം നടത്തി എത്രയും പെട്ടെന്ന് ഈ പദ്ധതി നടപ്പാക്കാൻ സാധി ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മുടങ്ങിക്കിടന്ന നിരവധി പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിഷൻ 2010 പദ്ധതി പ്രകാരം സംസ്ഥാനത്ത് തുടങ്ങിയ പകുതി പദ്ധതികളും ആറ് മാസത്തിനകത്ത് പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിൽ സ്വാഭാവിക മായി വരുന്ന കാലതാമസത്തിന് മാറ്റം വരുത്താനുള്ള ശ്രമം നടത്തുന്നുണ്ട്. മഴക്കാലത്തിന് ശേഷം ശോച്യാവസ്ഥയിലുള്ള റോഡുകൾ സഞ്ചാരയോഗ്യ മാക്കുന്നതാണ്. 1972-ൽ തയ്യാറാക്കിയ പി.ഡബ്ളി.യു.ഡി. മാനുവൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടി ഇ-ടെണ്ടറിംഗ് നടപ്പിലാക്കുന്നതാണ്.

ഡാറ്റാ ബുക്ക് റിവിഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുമായി ക്വാളിറ്റി കൺട്രോൾ ആന്റ് അഷ്വറൻസ് മാന്വൽ സംവിധാനം ഏർപ്പെടുത്തുന്നതാണ്. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്. പാലങ്ങളുടെ നിർമ്മാണത്തിന് മുൻഗണന നൽകുന്നതിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം വിഭജിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി പുതുതായി 8 ബ്രിഡ്ജസ് ഡിവിഷനുകൾ രൂപീക രിക്കുന്നതാണ്. അടിയന്തിരമായി ചെയ്തുതീർക്കേണ്ട പണികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യ സ്ഥാപന ങ്ങളെയും ഉൾപ്പെടുത്തി ഈ രംഗം വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആർക്കിടെക്ട് വിഭാഗത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തിപഥത്തിൽ ആവശ്യമായ പരിശീലനം നൽകുന്നതിനുവേണ്ടി സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കോട്ടയത്ത് ലഭ്യമായിട്ടുണ്ട്. ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന എഞ്ചിനീയർമാരെയും കോൺട്രാ ക്ടർമാരെയും പ്രോത്സാഹിപ്പിക്കുന്നതിന് അവാർഡ് ഏർപ്പെടുത്തുന്നതാണ്. റോഡ് പോളിസിക്ക് രൂപം കൊടുക്കാൻ കഴിഞ്ഞു. 2021-നുമുമ്പായി ഇത് നടപ്പാക്കാൻ കഴിയുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എക്സ്പ്രസ് വേയുമായി ബന്ധപ്പെട്ട് ഒരുപാട് ആശങ്കകൾ നിലനിന്നിരുന്നു. കേന്ദ്ര

സർക്കാർ വിളിച്ചുചേർത്ത സംസ്ഥാന മന്ത്രിമാരുടെ യോഗത്തിൽ വച്ച് നാഷണൽ എക്സപ്രസ് വേ നെറ്റ്വർക്കിന്റെ ഭാഗമായി പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള തീരുമാനമുണ്ടായി. കേരളത്തിനുവേണ്ടി നിയമിച്ച കൺസൾട്ടന്റ് നിശ്ചയിക്കുന്ന റൂട്ടുകളും അലൈൻമെന്റുകളും സംസ്ഥാന ത്തിന് അംഗീകരിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് നാഷണൽ നെറ്റ്വർക്കിന്റെ ഭാഗമായി സംസ്ഥാനംതന്നെ ഒരു പ്രൊപ്പോസലിന് രൂപം കൊടുക്കേണ്ടതായി വന്നിരിക്കുകയാണ്. ദേശീയപാത നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് 60 മീറ്റർ എന്നുള്ളത് 45 മീറ്ററാക്കി കുറവ് വരുത്താമെന്നുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചി ട്ടുണ്ട്. 4 വരിപ്പാത 6 വരിപ്പാതയായി മാറ്റാൻ കഴിയുന്ന വിധത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ബന്ധിപ്പിക്കാൻ കഴിയുന്ന തെക്ക്-വടക്ക് സൗഹൃദ പാത നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് 45 മീറ്റർ വീതിയിൽ എൻ.എച്ച് - 47-നും എൻ.എച്ച് 17-നും സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ലഭിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് അത് എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്നതിനെപ്പറ്റി ആലോചിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷി യോഗം കൂടുന്നതിന് മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി 16 ലാന്റ് അക്വിസിഷൻ യൂണിറ്റുകളാണ് റവന്യു വകുപ്പ് മുൻകൈയെടുത്ത് ആരംഭിച്ചിട്ടുള്ളത്. 322 തസ്തികകളും അനുവദിക്കുകയുണ്ടായി. 25000 കി.മീ റോഡ് ഏറ്റെടുക്കേണ്ട താണെന്ന ആവശ്യം എം.പി.-മാർ, എം.എൽ.എ-മാർ. എന്നിവർ ഉന്നയിച്ചിട്ടുണ്ട്. അത് പരിശോധിച്ച് പി.ഡബ്ല്യു.ഡി-യിൽ നിലനിറുത്തേണ്ട റോഡുകൾ സംബന്ധിച്ച് ഒരു തീർപ്പുണ്ടാകും. പൊതുമരാമത്ത് വകുപ്പിന്റെ

മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ലിസ്റ്റ് പുതുക്കി ഇറക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരികയാണ്. കോഴിക്കോട്-വെങ്ങളം-പൊന്നാനി-വലിയഴീക്കൽ-ആലപ്പുഴ-അർത്തുങ്കൽ, തോപ്പുംപടി-അഴിക്കോട്-മുനമ്പം എന്നീ തീരദേശ പാതകൾ ഈ വർഷം മുൻഗണന കൊടുത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലബാർ പാക്കേജിലുള്ളത് കൂടാതെ കാക്കനാട്-തങ്കളം, കോട്ടയം-കോടിമത-തണ്ണീർമുക്കം വഴി ചേർത്തല, തേക്കടി-മൂന്നാർ എന്നീ റോഡുകൾ പ്രത്യേകമായി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെയുള്ള മലയോര ഹൈവേയുടെ അലൈൻമെന്റിന് അന്തിമരൂപം കൊടുത്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്. ആർ.ഒ.ബി.കൾക്ക് 200 കോടി രൂപയുടെ പ്രോജക്ടാണ് വിഭാവന ചെയ്തിരുന്നത്. മുടങ്ങിക്കിടക്കുന്ന ആർ.ഒ.ബി.കളുടേയും പുതിയ ആർ.ഒ.ബി.കളുടേയും കാര്യത്തിൽ എം.എൽ.എ.മാരുമായി ആലോചിച്ച് തീരുമാനിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

നഗരവികസനം എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും പാസ്സാക്കണമെന്ന പ്രമേയം 21-നെതിരെ 66 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.40-ന് പിരിഞ്ഞു.